"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ - ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേട് - വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. എം. സുഗധകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.467/2026/LSGD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.12.2019 തീയതിയിലെ E12(PE26/18/PKD)16462/18 നമ്പർ കത്തും അനുബന്ധ രേഖകളും.
2. നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. എം. സുഗധകുമാറിന് നൽകിയ 28.03.2025 തീയതിയിലെ ഇയു1/156/2022-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ. എം. സുഗധകുമാർ സമർപ്പിച്ച 13.09.2025 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.12.2025 തീയതികളിലെ LSGD/PD/7480/2023-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി നഗരസഭയിലെ 2 കൗൺസിലർമാർ ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തോട് ലക്ഷങ്ങൾ കൈക്കൂലിയായി ആവശ്യപ്പെട്ടു എന്ന ആരോപണത്തിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തി പരാമർശം 1 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. നിർമ്മാണ പ്രവൃത്തി നടത്തുന്ന ഭൂമിയിൽ നിലവിലെ ഉടമസ്ഥന് KLU ഇല്ലാത്ത കാര്യത്തെക്കുറിച്ച് ടൗൺ പ്ലാനർ അപാകത ചൂണ്ടിക്കാണിച്ചിട്ടും ആയത് പരിഗണിക്കാതെ തുടർനടപടികൾ സ്വീകരിച്ചതായും ദേവ് ബിൽഡേഴ്സ് ഉടമ അവർക്കു ലഭിച്ച കെട്ടിടനിർമ്മാണ അനുമതി കാലഹരണപ്പെട്ടതിനാൽ പുതുക്കുന്നതിനു നൽകിയ അപേക്ഷ, കെട്ടിട നിർമ്മാണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് കെ.ബി.ശശികുമാർ നൽകിയ പരാതി തുടങ്ങിയ രേഖകൾ ഫയലിൽ കാണുന്നില്ല എന്നും വിജിലൻസ് അന്വേഷത്തിൽ കണ്ടെത്തിയിരുന്നു.

2. മേൽ ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനാണ് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. എം. സുഗധകുമാർ സമർപ്പിച്ച വിശദീകരണവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടും പരിഗണിച്ച് ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ/പത്രിക ടിയാൻ കൈപ്പറ്റുകയും പരാമർശം 3 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

3. ശ്രീ. എം. സുഗധകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിൽ ആരോപണങ്ങൾക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക പൂർണ്ണമായും തൃപ്തികരമല്ലായെന്ന് കാണുന്നു. ആയതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്.

4. മേൽ സാഹചര്യത്തിൽ ഒറ്റപ്പാലം നഗരസഭയിൽ ദേവ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. എം. സുഗധകുമാറിനെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർ ശ്രീമതി.ദീപ.എൽ.എസ്-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

5. ശ്രീമതി.ദീപ.എൽ.എസ് ടി വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.ദീപ.എൽ.എസ്, അഡിഷണൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. എം. സുഗധകുമാർ, മുൻ നഗരസഭ സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു1/156/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-02-2026 14:10:14
സെക്ഷൻ ഓഫീസർ